കേരള കാർഷിക സർവ്വകലാശാല
കൃഷി സമ്പ്രദായ ഗവേഷണകേന്ദ്രം
സദാനന്ദപുരം പി.ഒ കൊട്ടാരക്കര

## റീ ടെൻഡർ നോട്ടീസ്

നമ്പർ. എഫ്. എസ് (4) 479/21 തീയതി: 15/07/2024

കേരള കാർഷിക സർവ്വകലാശാലയുടെ സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലേക്ക് 2024 – 25 സാമ്പത്തിക വർഷം, കയർപിത്ത് (ചകിരിച്ചോറ്) വിതരണം ചെയ്യുന്നതിനായി താല്പര്യമുള്ളവരിൽ നിന്ന് മത്സരസ്വഭാവത്തിലുള്ളതും, മുദ്രവച്ചതുമായ ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. ഏകദേശം 12 ടൺ കയർപിത്ത് ഈ കേന്ദ്രത്തിന് ഒരു വർഷത്തേയ്ക്ക് ആവശ്യമുണ്ട്. കയർപിത്തിന്റെ കമ്പോസ്റ്റിന്റെ മിനിമം വാല്യൂ കാർഷിക സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസിൽ പറയുന്ന ഗുണനിലവാരത്തിലുള്ള തായിരിക്കണം. ഇ. സി. 0.5 – ൽ കുറവ്, നൈട്രജൻ കുറഞ്ഞത് 1.5%, ഫോസ്ഫറസ് കുറഞ്ഞത് 0.1 % അടങ്ങിയിരിക്കണം.

ഒരു കിലോ കയർപിത്തിന്റെ വില രേഖപ്പെടുത്തിയ ടെൻഡറുകൾ **25/07/2024** പകൽ 2.30 – ന് മുമ്പായി പ്രൊഫസർ ആൻഡ് ഹെഡ്, കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരം പി. ഒ, കൊട്ടാരക്കര എന്ന വിലാസത്തിൽ ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം പകൽ 2.30 മണിക്ക് ടെൻഡറുകൾ തദവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ടെൻഡർ നൽകിയവർ അന്നേ ദിവസം അവരുടെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്, അല്ലാത്ത പക്ഷം പിന്നീട് ഉന്നയിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല. ടി ദിവസം എന്തെങ്കിലും കാരണത്താൽ അവധിയായാൽ, തൊട്ടടുത്ത ദിവസം തുറക്കുന്നതാണ്. ടെൻഡറിനൊപ്പം താഴെ പറയുന്ന ആധികാരിക രേഖകൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

1. ടെൻഡർ ഫോം https://kau.in/tenders എന്ന പോർട്ടലിൽ ലഭ്യമാണ്. നിരക്ക് പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം.

2. അനുബന്ധമായി ചേർത്തിട്ടുള്ള ടെൻഡർ നിബന്ധനകൾ, ഒപ്പ്, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി, ടെൻഡർ ഫോമിനൊപ്പം സമർപ്പിക്കണം.

3. ടെൻഡർ തുകയായ 300 രൂപ, ജി. എസ്. ടി (18%) 54 രൂപ, നിരതദ്രവ്യമായ (ഇ. എം. ഡി) 1500 രൂപ എന്നിവ ഈ സ്റ്റേഷനിൽ ഒടുക്കിയതിന്റെ മൂന്ന് വ്യത്യസ്ത രസീതോ അല്ലാത്തപക്ഷം മൂന്ന് വ്യത്യസ്ത ഡി.ഡി/ബാങ്കേഴ്സ് ചെക്ക്, പ്രൊഫസർ & ഹെഡ്, കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരം പി. ഒ, കൊട്ടാരക്കര – 691531 എന്ന പേരിൽ എസ്. ബി. ഐ പുലമൺ ശാഖയിൽ (പുലമൺ ജംഗ്ഷൻ ബ്രാഞ്ച്) മാറാവുന്ന രീതിയിൽ ടെൻഡർ ഫോമിനും നിബന്ധനകൾക്കുമൊപ്പം സമർപ്പിക്കണം. ടെൻഡർ തുക യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

4. കരാറുകാരന്റെ മേൽവിലാസം അടങ്ങിയ തിരിച്ചറിയൽ രേഖ ടെൻഡറിനൊപ്പം ഉൾക്കൊള്ളിക്കേണ്ടതാണ്.

## നിബന്ധനകൾ

1. സ്വന്തം നിലയിൽ കയർപിത്ത് ഈ കേന്ദ്രത്തിൽ എത്തിച്ച് നൽകേണ്ടതാണ്
2. കയർപിത്തിന്റെ ഗുണമേന്മ, തൂക്കം എന്നിവ സ്ഥാപന മേധാവി നിയോഗിക്കുന്ന ഉദ്യോഗസ്ഥൻ/കമ്മിറ്റിയ്ക്ക് മുൻപിൽ ഉറപ്പ് വരുത്തേണ്ടതാണ്.
3. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമായിരിക്കും.
4. ടെൻഡർ ലഭിക്കുന്നയാൾ 5000/- (EMD 1500/- യും ചേർത്ത്) രൂപ കരുതൽ നിക്ഷേപമായി ഈ ആഫീസിൽ അടയ്ക്കേണ്ടതാണ്. കരാർ കാലാവധി യഥാവിധി പൂർത്തിയാക്കിയാൽ ഈ തുക പലിശരഹിതമായി തിരികെ നൽകുന്നതാണ്.

പ്രൊഫസർ ആൻഡ് ഹെഡ്

പകർപ്പ്: കെ.എ.യു വെബ്സൈറ്റ്/നോട്ടീസ് ബോർഡ് (2)/ ഫാം മാനേജർ/ വെട്ടിക്കവല ഗ്രാമപഞ്ചായത്ത് / വെട്ടിക്കവല വില്ലേജ് /കൊട്ടാരക്കര മുൻസിപ്പാലിറ്റി / ഫയൽ

Rjl*12.07.24